**File No.DCKNR/2753/2020-C1**

റഫ് നമ്പർ : DCKNR/2753/2020/സി1

കണ്ണൂർ ജില്ലാ കളക്ടറുടെ 11/11/2020 തീയ്യതിയിലെ നടപടിക്രമം
(സാന്നിദ്ധ്യം- സുഭാഷ് ടി വി ഐ എ എസ്)

വിഷയം:- RFCT LARR Act 2013 - പാനൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിലെ റിസ നം ,128/1, 128/2 എ,128/2 ബി ൽപ്പെട്ട 78.70 ആർസ് ഭൂമി RFCTLARR Act, 2013 ന് വിധേയമായി ഏറ്റെടുക്കൽ - സാമൂഹ്യ പ്രത്യാഘാതപഠന റിപ്പോർട്ട് , എക്സ്പേർട്ട് ഗ്രൂപ്പ് ശുപാർശ എന്നിവ പരിശോധിച്ച് ഭൂമി ഏറ്റെടുക്കേണ്ടതിൽ അന്തിമ തീരുമാനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പിൻെറ 02/03/2020 തിയതിയിലെ G O (Rt) നം.469/2020/ആ കു വ നമ്പർ ഉത്തരവ്
2) ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം), കണ്ണൂർ സമർപ്പിച്ച നം.1815/12 തി 27.08.2020 അർത്ഥന
3) റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) No. 376/2016/RD, GO(P) No 377/2016/RD ഉത്തരവുകൾ.
4) ജില്ലാകലക്ടറുടെ 09.09.2016 ലെ DCKNR/7005/16/സി1 നടപടിക്രമം
5) ചെയർമാൻ, കൈറോസ്, കണ്ണൂരിന്റെ 19.10.2020 തിയതിയിലെ റിപ്പോർട്ട്.
6) ചെയർമാൻ, വിദഗ്ദ്ധ ഗ്രൂപ്പിന്റെ 06.11.2020 തിയതിയിലെ റിപ്പോർട്ട്.

*********************

എൽ എ ആർ ആർ ആക്റ്റ് 2013 (The Right to Fair Compensation and Transparancy in Land Acqusition , Rehabilation and Resettlement Act 2013) പ്രകാരം പാനൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിലെ റിസ നം,128/1, 128/2 എ,128/2 ബി ൽപ്പെട്ട 78.70 ആർസ് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം), കണ്ണൂർ സൂചന (2) പ്രകാരം 27.08.2020 ന് ഫോറം നമ്പർ 2 ൽ അർത്ഥന സമർപ്പിച്ചിരുന്നതും ടി ഭൂമി ഏറ്റെടുക്കുന്നതിന് സൂചന (1) പ്രകാരം ഭരണാനുമതി ലഭിച്ചതുമാണ്.

200 ആർ വരെ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ അതാത് ജില്ലാകലക്ടറെ സമുചിത സർക്കാറായി സൂചന (3)സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബാധിക്കപ്പെട്ട പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൈറോസ്, കണ്ണൂർ എന്ന ഏജൻസിയെ നിയമിക്കുകയും അതുപ്രകാരം ഏജൻസിയുടെ ചെയർമാൻ സൂചന (5) പ്രകാരം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സൂചന (3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാലത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ്ധ ഗ്രൂപ്പിനെ RFCT LARR Act 2013 ലെ വകുപ്പ് 7(1) പ്രകാരം, രൂപീകരിച്ചിരുന്നു . വിദഗ്ദ്ധ ഗ്രൂപ്പ് ചെയർമാൻ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സൂചന (6) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത ശിപാർശയിൽ പാനൂർ ബ്ലോക്ക്പരിധിയിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലേയും പാനൂർ നഗരസഭയിലേയും ജനങ്ങൾക്ക് ചികിത്സയും ആദിവാസി/ പട്ടികജാതി സമൂഹങ്ങൾ തിങ്ങിപ്പാർക്കുന്ന പാനൂർ ബ്ലോക്കിലെ കിഴക്കൻ മേഖലയിലുള്ളവർക്ക് സൗജന്യചികിത്സയും ലഭ്യമാക്കുവരുന്ന സർക്കാരിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള പാനൂർ സാമൂഹിക

ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായുള്ള ഈ ഭൂമി ഏറ്റെടുക്കൽ പദ്ധതി ഒരു പൊതുആവശ്യത്തിനാണെന്നും പ്രസ്തുത ആശുപത്രിക്ക് നിലവിലെ സ്ഥലസൗകര്യം അപര്യാപ്തമാണെന്നും ആയതിനായി കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും ഈ ഭൂമി ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് ആരും തന്നെ കുടിയൊഴിപ്പിക്കപ്പെടാത്തതിനാൽ പുനരധിവാസ പ്രശ്നങ്ങൾ ഇല്ലാത്തതും കാർഷിക മേഖലക്ക് ആഘാതമോ മറ്റ് പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്തതുമായതിനാൽ നിർദ്ദിഷ്ട സ്ഥലം ഏറ്റവും അനുയോജ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ആശുപത്രിയുടെ ഭാവി വികസനങ്ങൾക്ക് അനുബന്ധ സ്ഥലം ലഭിക്കുവാനുള്ള സാധ്യതയുള്ളതായും വിദഗ്ദ്ധസമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭൂവുടമകൾക്കുണ്ടാകുന്ന നഷ്ടം ന്യായമായ നഷ്ടപരിഹാരം നൽകുന്നതിലൂടെ പരിഹരിക്കുമെന്നതിനാലും പ്രസ്തുത ഏറ്റെടുക്കൽ പദ്ധതിയോട് യോജിക്കുന്നതായും വിദഗ്ദ്ധസമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പാനൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിലെ റിസ നം,128/1, 128/2 എ,128/2 ബിൽപ്പെട്ട 78.70 ആർസ് ഭൂമി ഏറ്റെടുക്കുന്നതിന് RFCT LARR Act ലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനായി സമുചിത സർക്കാർ എന്ന നിലയിൽ ഇതിനാൽ ഉത്തരവാകുന്നു.

DISTRICT COLLECTOR
കണ്ണൂർ ജില്ലാ കളക്ടർ

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം),കണ്ണൂർ
2) സ്പെഷ്യൽ തഹസിൽദാർ (എൽ എ) തലശ്ശേരി
3) സിക്രട്ടറി, പാനൂർ നഗരസഭ
4) തഹസിൽദാർ, തലശ്ശേരി
5) വില്ലേജ് ഓഫീസർ, പാനൂർ, സ്റ്റോക്ക് ഫയൽ

Signature valid

Digitally signed by SUBHASH
T V
Date: 2020.11.11 20:30:37 IST
Reason: Approved